# ദേശാഭിമാനി

## ത്രോബോൾ ചാമ്പ്യൻഷിപ്പ് 8ന്

**കോട്ടയം**

പന്ത്രണ്ടാമത് ജില്ലാ സബ് ജുനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് എട്ടിന് പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂളിൽ നടക്കും. അഞ്ചിന് മുമ്പ് പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. ഫോൺ: 9497465690.

**Dheshabhimani,Kottayam Edition**
**Date : 2/2/2026**
**Page no -4**
**Column - 1**

മാതൃഭൂമി

Mathrubhu
മാതൃ

## ജില്ലാ സബ് ജൂനിയര്‍
## ത്രോബോള്‍
## ചാമ്പ്യന്‍ഷിപ്പ്

കോട്ടയം ▸ 12-ാമത് ജില്ലാ സ
ജൂനിയര്‍ ത്രോബോള്‍ ചാമ്പ്യ
ഷിപ്പ് എട്ടാം തീയതി പൊന്‍
ന്നം ശ്രേയസ് പബ്ലിക് സ്കൂളി
നടത്തും. അഞ്ചാം തീയതിക്
മുന്‍പായി പ്ലേയര്‍ രജിസ്ട്രേ
നും ടീം രജിസ്ട്രേഷനും പൂര്‍ത്ത
യാക്കേണ്ട വെബ്സൈറ്റ്: ww
throwballkerala.com. ഓപ്പ
സെലക്ഷനില്ല. ഇ-മെയില്‍
jojimondevasia38@gmail.cor
throwballkerala@gmail.cor
ഫോണ്‍: 9497465690.

**Mathrubhoomi Kottayam Edition**
**Dated On - 2/2/2026**
**Page No -3**
**Column No -5**

മംഗളം

# ത്രോബോൾ ചാമ്പ്യൻഷിപ്പ്

കോട്ടയം:ജില്ലാ സബ് ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ഫെബ്രുവരി 1ന് പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂളിൽ നടക്കും. ടീം രജിസ്ട്രേഷനും കളിക്കാരുടെ രജിസ്ട്രേഷനും29 ന് മുമ്പായി ഔദ്യോഗിക വെബ്സൈറ്റ് www.throwballkerala.com മുഖേന പൂർത്തിയാക്കണം.ഫോൺ. 9497465690,7907963835.

**Mangalam Kottayam Edition**
**Dated on -2/2/2026**
**Page no -6**
**Column no -7,8**

ദേശാഭിമാനി

ദേശാഭിമാനി


ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# ലാ മാസിയ സ്പോർട്സ് അക്കാദമിയും മൈക്ക വോളി ക്ലബ്ബും ജേതാക്കൾ

**കാഞ്ഞിരപ്പള്ളി**

12-ാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ തെങ്ങണ ലാ മാസിയ സ്പോർട്സ് അക്കാദമിയും ആൺകുട്ടികളുടെ വിഭാഗത്തിൽ കാഞ്ഞിരപ്പള്ളി മൈക്ക വോളി ക്ലബ്ബും ജേതാക്കൾ. ഇരുവിഭാഗത്തിലും കടപ്പൂര് മേരിമാതാ സ്പോർട്സ് അക്കാദമി രണ്ടാം സ്ഥാനം നേടി. ആൺകുട്ടികളുടെ വിഭാഗത്തിൽ മണർകാട് ഇൻഫന്റ് ജീസസ് എച്ച്എസും പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂളും മൂന്നാം സ്ഥാനം പങ്കിട്ടെടുത്തു.

പെൺകുട്ടികളുടെ വിഭാഗത്തിൽ മുണ്ടത്താനം ലിറ്റിൽ ഫ്ലവറും കളത്തിപ്പടി മരിയൻ സീനിയർ സെക്കൻഡറി സ്കൂളുമാണ് മൂന്നാമത്. മൈക്ക വോളി ക്ലബ്ബിന്റെ മുഹമ്മദ് റയാനും ലാ മാസിയ സ്പോർട്സ് അക്കാദമിയുടെ പല്ലവി കെ മേനോനുമാണ് മികച്ച താരങ്ങൾ.

ജില്ലാ ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അനിൽ ജോർജ് വിജയികൾക്ക് സമ്മാനങ്ങൾ നൽകി. അസോസിയേഷൻ സെക്രട്ടറി ജോമോൻ ദേവസ്യ, കേരള ത്രോബോൾ അസോസിയേഷൻ റഫറീസ് ബോർഡ് ചെയർമാൻ പ്രദീപ് ശേഖരൻ, കൺവീനർ പി ജി സുരേഷ്, കായികാധ്യാപിക ഉഷ കുമാരി എന്നിവർ സംസാരിച്ചു. 21 മുതൽ ഇടുക്കി രാജാക്കാട് നടക്കുന്ന സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്ന ജില്ലാ ടീമുകളെയും തിരഞ്ഞെടുത്തു.

---


**Dheshabimani Kottayam Edition**

**Dated on -9/2/2026**

**Page no -9**

**Column no -5,6**

മാതൃഭൂമി
Since 1923

Mathrubhumi
മാതൃഭൂമി

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്: തെങ്ങണ ലാ മാസിയ ജേതാക്കൾ



പെൺകുട്ടികളുടെ വിഭാഗം ജേതാക്കളായ തെങ്ങണ ലാ മാസിയ സ്പോർട്സ് അക്കാദമി

**പൊൻകുന്നം•** 12-ാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ വൈക്ക വോളി ക്ലബ് കാഞ്ഞിരപ്പള്ളി ആൺകുട്ടികളുടെ വിഭാഗം ജേതാക്കളായി. പെൺകുട്ടികളുടെ വിഭാഗത്തിൽ ലാ മാസിയ സ്പോർട്സ് അക്കാദമി തെങ്ങണയും ജേതാക്കളായി. ഇരു വിഭാഗത്തിലും മേരിമാതാ സ്പോർട്സ് അക്കാദമി കപ്പാടും രണ്ടാംസ്ഥാനം നേടി. ആൺകുട്ടികളുടെ വിഭാഗത്തിൽ ഇൻഫന്റ് ജീസസ് എച്ച്.എസ്. മണർകാടും ശ്രേയൻസ് പബ്ലിക് സ്കൂൾ പൊൻകുന്നവും മൂന്നാംസ്ഥാനം പങ്കിട്ടു.

പെൺകുട്ടികളുടെ വിഭാഗത്തിൽ ലിറ്റിൽഫ്ലവർ മുണ്ടത്താനവും മരിയൻ സീനിയർ സെക്കൻഡറി സ്കൂൾ കളത്തിപ്പടിയും മൂന്നാംസ്ഥാനം പങ്കിട്ടു. ആൺകുട്ടികളുടെ വിഭാഗത്തിൽ വൈക്ക വോളി ക്ലബ് കാഞ്ഞിരപ്പള്ളിയുടെ മുഹമ്മദ് റയാനും പെൺകുട്ടികളുടെ വിഭാഗത്തിൽ ലാ മാസിയ സ്പോർട്സ് അക്കാദമി തെങ്ങണയുടെ പല്ലവി കെ. മേനോനും മികച്ച കളിക്കാരായി തിരഞ്ഞെടുക്കപ്പെട്ടു.

പൊൻകുന്നം ശ്രേയൻസ് പബ്ലിക് സ്കൂളിലാണ് മത്സരങ്ങൾ നടത്തിയത്. ജില്ലാ ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അനിൽ ജോർജ് സമ്മാനദാനം നടത്തി. സെക്രട്ടറി ജോജിമോൻ വെമ്പു, കേരള ത്രോബോൾ അസോസിയേഷൻ റഫറീസ് ബോർഡ് ചെയർമാൻ പ്രദീപ് ശേഖരൻ, റഫറീസ് ബോർഡ് കൺവീനർ പി.ജി. സുരേഷ്, സ്കൂൾ കായികാധ്യാപിക ഉമാകുമാരി എന്നിവർ പ്രസംഗിച്ചു.

21 മുതൽ ഇടുക്കി രാജാക്കാട് നടക്കുന്ന സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്ന ജില്ലാ ടീമുകളെ തിരഞ്ഞെടുത്തു.

09/02/2026 CHANGANACHERRY Pg 02

**Mathrubhoomi Kottayam edition**
**Dated on -9/2/2026**
**Page no -13**
**Column no - 2,3,4,5**

സ്ഥാപകൻ
എം.സി.വർഗീസ്

# മംഗളം

■ ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

## ലാ മാസിയ സ്പോർട്സ് അക്കാദമിയും മൈക്ക വോളി ക്ലബ്ബും ജേതാക്കൾ

**കാഞ്ഞിരപ്പള്ളി**

12ാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ തെങ്ങണ ലാ മാസിയ സ്പോർട്സ് അക്കാദമിയും ആൺകുട്ടികളുടെ വിഭാഗത്തിൽ കാഞ്ഞിരപ്പള്ളി മൈക്ക വോളി ക്ലബ്ബും ജേതാക്കൾ. ഇരു വിഭാഗത്തിലും കടപ്ലാമറ്റം മേരി മാതാ സ്പോർട്സ് അക്കാദമി രണ്ടാം സ്ഥാനം നേടി. ആൺകുട്ടികളുടെ വിഭാഗത്തിൽ മണർകാട് ഇൻഫന്റ് ജീസസ് എച്ച്എസും പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂളും മൂന്നാം സ്ഥാനം പങ്കിട്ടെടുത്തു.

പെൺകുട്ടികളുടെ വിഭാഗത്തിൽ മുണ്ടത്താനം ലിറ്റിൽ ഫ്ലവറും കളത്തിപ്പടി മരിയൻ സീനിയർ സെക്കൻഡറി സ്കൂളുമാണ് മൂന്നാമത്. മൈക്ക വോളി ക്ലബ്ബിന്റെ മുഹമ്മദ് റയാനും ലാ മാസിയ സ്പോർട്സ് അക്കാദമിയുടെ പല്ലവി കെ മേനോനുമാണ് മികച്ച താരങ്ങൾ.

ജില്ലാ ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അനിൽ ജോർജ് വിജയികൾക്ക് സമ്മാനങ്ങൾ നൽകി. അസോസിയേഷൻ സെക്രട്ടറി ജോജിമോൻ ദേവസ്യ, കേരള ത്രോബോൾ അസോസിയേഷൻ റഫറീസ് ബോർഡ് ചെയർമാൻ പ്രദീപ് ശേഖരൻ, കൺവീനർ പി ജി സുരേഷ്, കായികാധ്യാപിക ഉഷ കുമാരി എന്നിവർ സംസാരിച്ചു. 21 മുതൽ ഇടുക്കി രാജാക്കാട് നടക്കുന്ന സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്ന ജില്ലാ ടീമുകളെയും തിരഞ്ഞെടുത്തു.

**Mangalam Kottayam Edition**
**Dated on -9/2/2026**
**Page no -12**
**Column no - 6,7,8**